# 'ക്രിസ്തു എന്റെ കൂട്ടു സഹോദരൻ'

## എബ്രായർ 2:14–15

"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അവകാശിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു."

യേശുക്രിസ്തു എനിക്ക് ആർ എന്നു നാം എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതു ചിന്തിക്കുമ്പോഴെല്ലാം അവൻ നമ്മുടെ രക്ഷ, അവൻ നമ്മുടെ പാപയാഗം, അവൻ നമ്മുടെ കർത്താവ് എന്നിങ്ങനെ ഓരോരോ നിർവ്വചനങ്ങൾ ഓരോരുത്തർക്കും പറയാൻ കാണും. എന്നാൽ അതിലുപരിയായി യേശുക്രിസ്തുവിനെ നമ്മുടെ ഒരു കൂട്ടു സഹോദരനായി കാണാൻ കഴിഞ്ഞിട്ടുള്ളവർ എത്ര പേർ കാണും. വി.വചനത്തിൽ നമ്മെ പല ഭാഗത്തായി ദൈവത്തിന്റെ ആത്മാവ് ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട്

റോമർ 8:17 'നാം മക്കളെങ്കിലോ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും ആകുന്നു'

നാം ദൈവത്തിന്റെ നഷ്ടപ്പെട്ടുപോയ മക്കളായിരുന്നു. നമ്മെ വീണ്ടെടുക്കുവാൻ വേണ്ടി പിതാവാം ദൈവം തന്റെ സ്വന്തപുത്രനെ തന്നെ ഈ ലോകത്തിലേക്കയച്ചു. അവൻ ഇവിടെ കടന്നു വന്നതു എപ്രകാരമാണെന്നു നമുക്കറിയാമല്ലോ,

ഫിലിപ്പിയർ 2: 6–8 'അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നേ, അനുസരണയുള്ളാവനായിത്തീർന്നു.'

ക്രിസ്തു ഈ ലോകത്തിൽ കടന്നു വന്ന്, നാം ഇന്നു ഈ ലോകത്തിലായിരിക്കുമ്പോൾ അനുഭവിക്കുന്ന തരത്തിലുള്ള എല്ലാ പീഡകളും, പ്രയാസവും, പരീക്ഷകളും അതിന്റെ പൂർണ്ണരൂപത്തിൽ അനുഭവിച്ച്, എന്നാൽ അതിലെല്ലാം ജയാളിയായി ഈലോകത്തെയും അതിന്റെ അധിപതിയെയും പിന്നെ മരണത്തെയും ജയിച്ചവനായി ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്തിരുന്നു നമുക്ക് വേണ്ടി മദ്ധ്യസ്ഥം ചെയ്യുന്നു. എന്നാൽ നമ്മുടെ കർത്താവ് നമുക്കുവേണ്ടി സ്വയമേ താഴ്ത്തി മനുഷ്യനായി ജീവിച്ച് നമ്മുടെ

പാപങ്ങൾക്ക് വേണ്ടി മരിച്ചതിന്റെ പൂർണ്ണരൂപം മനസ്സിലാക്കണമെങ്കിൽ നാം അവനോട് കൂടെ ആകുന്ന ആ ദിവസം മാത്രമേ നമുക്ക് സാധിക്കുകയുള്ളൂ. കാരണം ഈ ലോകത്തിലായിരിക്കുമ്പോൾ നാം അതിലൊക്കെ ബോധവാന്മാരാണെങ്കിലും അതിന്റെ പൂർണ്ണമായ രൂപം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം സംശയമാണ്.

ക്രിസ്തു ഈ ലോകത്തിൽ വന്നു ജീവിച്ച 33 വർഷക്കാലം കൊണ്ട് സന്തോഷവും, ദുഃഖവും, പീഢയും, എന്നുവേണ്ട ഒരു മനുഷ്യജന്മം അനുഭവിക്കാനുള്ള സകല കാര്യവും അറിഞ്ഞ് കടന്നുപോയതാണ് എന്നുള്ളതു കൊണ്ട് നാമും പരീക്ഷകളിലൂടെയൊക്കെ കടന്നു പോകുമ്പോൾ നമുക്ക് ഒരുറപ്പുണ്ട് നാം ഏതവസ്ഥയിലൂടെയാണു കടന്നു പോകുന്നതെന്ന് നമ്മുടെ കർത്താവ് നന്നായി അറിയുന്നു. നാമോ നമ്മുടെ കഴിവോ മിടുക്കോ ഒന്നും കൊണ്ടല്ല പിന്നെയോ അവന്റെ അളവില്ലാ കാരുണ്യവും കൃപയാലുമത്രെ അവന്റെ സ്നേഹത്തിനു അർഹരായിത്തീർന്നത്.

വചനത്തിന്റെ മുൻപോട്ടുള്ള ഭാഗത്തേക്കു പോകുമ്പോൾ കാണാം മരണത്തിന്റെ അവകാശിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു എന്ന്. നമ്മുടെ കർത്താവ് ക്രൂശിൽ നമുക്ക് വേണ്ടി തന്റെ രക്തം ചീന്തിയപ്പോൾ അവിടെ നമ്മുടെ സകല പാപവും കഴുകപ്പെടുകയും നമ്മുടെ രക്ഷ ഉറപ്പാക്കുകയും ചെയ്തു. കാരണം നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി ദൈവത്തെ പ്രീതിപ്പെടുത്താൻ ഈ ഒരു യാഗത്തിനു മാത്രമേ കഴിയുകയുള്ളായിരുന്നു. അതിലൂടെ സാത്താനു, നാം നമ്മെ തന്നെ അവനു സമർപ്പിക്കാത്ത പക്ഷം, നമ്മുടെ മേൽ ഒരു അവകാശവും ഇല്ലതെയായി.

ഇയ്യോബ് 14:5 ൽ പറയുന്നതു പോലെ നമ്മുടെ ജീവകാലത്തിന്റെ അതിർ നിശ്ചയിക്കുന്നതിന്റെ പൂർണ്ണ അധികാരം നമ്മുടെ ദൈവത്തിനു മാത്രമുള്ളതാണ്. അതിലിനി സാത്താനു ഒരു അധികാരവും ഇല്ല. എന്നാൽ സാത്താൻ നമ്മെ ഇതിൽ നിന്നൊക്കെ പിന്തിരിപ്പിക്കാൻ പല തന്ത്രങ്ങളും പയറ്റും.

റോമർ 8:35-36ൽ പറയുന്നതു പോലെ 'ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു.'

എന്നാൽ തുടർവചനത്തിൽ കാണുന്നതു പോലെ നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ

ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള സ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പൻ കഴികയില്ല. കാരണം നാം പിതാവിന്റെ മക്കളും അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും ആണ്. അങ്ങനെയെങ്കിൽ ഇനി അവന്റെ ഭാവം നമ്മുടെ ജീവിതത്തിൽ ഉണ്ടാവാനായിട്ട് നമുക്ക് ശ്രമിക്കാം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഒരോരുത്തരെയും ധാരാളമായി അതിനു സഹായിക്കുമാറാകട്ടെ എന്നു പ്രാർഥിക്കുന്നു.

പരാമർശം :

2 കൊരിന്ത്യർ 8:9

'നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ'

ബ്രദർ ബിനു ബേബി ആലപ്പുഴ 007